(എ) നെയ്യാറിൻകര താലൂക്കിൽ കോട്ടുകാൽ പകുതിയിൽ കൃഷിക്കു നേരിട്ടിരിക്കുന്ന വൈഷമ്യങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി അംഗീകരിച്ചിട്ടുണ്ടെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : (എ) ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) എ-യുടെ ഉത്തരംമൂലം (ബി) ഉത്ഭവിക്കുന്നില്ല.

മുനിസിപ്പാലിറ്റി കരം.

182. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ദയവു ചെയ്ത് മറുപടി പറയുമോ?

മുനിസിപ്പൽ കൌൺസിലുകളിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട പ്രാതിനിധ്യംകുറഞ്ഞ സമുദായങ്ങളുടെ പ്രാതിനിധ്യത്തെ ലക്ഷ്യമാക്കിയാണോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : Yes. It is so.

MR. P. K. KRISHNAN SASTRI : ഏതെങ്കിലും മുനിസിപ്പാലിറ്റിയിൽ പിന്നോക്കസമുദായത്തിൽപ്പെട്ട ആളുകളെ നോമിനേറ്റു ചെയ്തിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : അതിന് നോട്ടീസു വേണം.

പിന്നോക്കസമുദായ കാളനി.

183. MR. P. K. KRISHNAN SASTRI : കൊല്ലം താലൂക്കിൽ നെടുമ്പന പകുതി സർവ്വെ നമ്പർ 1-ാം നമ്പരിൽപ്പെട്ട 10 ഏക്കർ സ്ഥലം പിന്നോക്കസമുദായങ്ങൾക്കു കുടി കാളനിക്കായി തിരിച്ചു തരണമെന്ന അപേക്ഷയിന്മേൽ അതിനു ശേഷവും അപേക്ഷിച്ചിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിൽ എന്തു നടപടി എടുത്തുവെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഉണ്ട്. തൽക്കാലം ഇതുസംബന്ധിച്ചുള്ള നടപടികൾ മാറ്റി വച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KRISHNAN SASTRI : അങ്ങനെ മാറ്റിവയ്ക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ?

HON'BLE MR. G. RAMACHANDRAN : പ്രത്യേക കാരണമുണ്ടെന്നു പറയാനില്ല. ഇപ്പോഴത്തന്നെ പന്ത്രണ്ടോളം കാളനികൾ നടത്തി വരുന്നുണ്ട്. അതിന് വലുതായ ഒരു തുകയും ചെലവാക്കുന്നുണ്ട്. ഈ കാളനികളുടെ നടത്തിപ്പുതന്നെ തൃപ്തികരമാംവണ്ണം നടത്തിക്കണ്ടതിനു ശേഷം പുതിയതായി എന്തെങ്കിലും തുടങ്ങിയാൽ മതി എന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്.

MR. P. K. KRISHNAN SASTRI : ഈ സ്ഥലം പിന്നോക്കസമുദായത്തിലുള്ളവർക്ക് പതിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : അതേപ്പറ്റി അന്വേഷിക്കാം.

മണ്ണെണ്ണക്ഷാമം.

184. MR. MOHAMMED MUSTAFA (*Pathanapuram Muslim Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സഭയെ മറുപടി പറയുമോ ?

(എ) മണ്ണെണ്ണക്ഷാമം പെട്ടെന്ന് ഇത്രവളരെ ഗുരുതരമാകുവാനുള്ള കാരണങ്ങളെപ്പറ്റി ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതു വെളിപ്പെടുത്തുമോ ?

(ബി) തൻമൂലം ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളും വിദ്യാർത്ഥികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ ലഘൂകരിക്കാൻ എന്തെങ്കിലും ഉടനടി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. A. THANU PILLAI : (a) Yes. The scarcity of kerosene oil in the State is due to the fact that the quota for the State has been considerably reduced by the Government of India from May 1948 onwards.

(b) The present situation could be eased only if the kerosene oil quota for this State is increased by the Government of India.

Construction of a Bridge at Moolaplackal.

185 MR. P. T. CHACKO (*Kottayam II—General*) : Will the Hon'ble Minister for public works be pleased to state :

(a) whether the Government have at any time sanctioned the construction of a bridge at Moolaplackal, Manimala;

(b) whether some preliminary works were done;

LIBRARY ARCHIVES Kerala Legislative Assembly